6151
26/3/16

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യ നീതി വകുപ്പ് - കുട്ടികളെ സംരക്ഷിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും Juvenile Justice Act പ്രകാരം രജിസ്റ്റർ ചെയ്യണമെന്ന് നിഷ്കർഷിച്ചുകൊണ്ടും 1968 ലെ OCB Act പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ വീണ്ടും JJ Act പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതില്ലെന്ന് നിർദ്ദേശിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്തു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യ നീതി (എ) വകുപ്പ്

സ. ഉ (കൈ) നം.28/2016 /സാ.നീ.വ. തീയതി, തിരുവനന്തപുരം,15/03/2016.

---

പരാമർശം :- (1) 22.01.2008 ലെ സ.ഉ(എം.എസ്) നം. 7/2008/സാക്ഷേവ നമ്പർ ഉത്തരവ്.

(2) 11.09.2010 ലെ സ.ഉ(എം.എസ്) നം.12/2010/സാക്ഷേവ നമ്പർ ഉത്തരവ്.

(3) ബഹു.സുപ്രീംകോടതി മുമ്പാകെ ഫയൽ ചെയ്ത WP(c) No.473/2005 മേലുള്ള ഉത്തരവ്.

(4) ജുവനൈൽ ജസ്റ്റീസ് ആക്ട് 2015.

## ഉത്തരവ്

ജുവനൈൽ ജസ്റ്റീസ് ആക്ട് പ്രകാരം ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികൾക്കുവേണ്ടി പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും അതത് ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ മുമ്പാകെ രജിസ്റ്റർ ചെയ്യുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവാകുകയും OCB Act 1968 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ വീണ്ടും JJ Act പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതില്ലെന്ന് നിഷ്കർഷിച്ച് കൊണ്ട് പരാമർശം (2) ഉത്തരവ് പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

2) ബഹു. സുപ്രീംകോടതി മുമ്പാകെയുള്ള WP(c) No.473/2005 സമ്പൂർണ്ണ ബഹ്റുവ Vs യൂണിയൻ ഓഫ് ഇന്ത്യ നമ്പർ കേസിൽ പുറപ്പെടുവിച്ച ഉത്തരവിലും ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിരുന്ന WP(c) 14259/14 നമ്പർ ഉത്തരവിലും കുട്ടികൾക്കുവേണ്ടി പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ജെ.ജെ. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിരിക്കണം എന്ന് നിഷ്കർഷിക്കുകയുണ്ടായി.

3) പരാമർശം (4) പ്രകാരം 2000 ലെ JJ Act റദ്ദാക്കിക്കൊണ്ട് 2015 ലെ JJ Act 2016 ജനുവരി 15-ാം തീയതി പ്രാബല്യത്തിൽ വരികയും ടി ആക്ടിന്റെ 41-ാം വകുപ്പ് പ്രകാരം കുട്ടികളെ സംരക്ഷിക്കുന്ന എല്ലാ സ്ഥാപനങ്ങളും അവ സർക്കാരിൽ നിന്നും ധനസഹായം കൈപ്പറ്റുന്നുണ്ടോ ഇല്ലയോ എന്നത് കണക്കിലെടുക്കാതെ പ്രസ്തുത ആക്ട് പ്രാബല്യത്തിൽ വന്ന് ആറ് മാസത്തിനുള്ളിൽ രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2000 ലെ ആക്ടിൻ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനങ്ങൾ 2015 - ലെ ആക്ടിൻ കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കും. രജിസ്ട്രേഷൻ നേടാൻ വൈകുന്ന സ്ഥാപനങ്ങൾക്ക് ഒരു വർഷം വരെയാകുന്ന തടവും ഒരു ലക്ഷം രൂപ പിഴയും രണ്ടും കൂടിയോ ശിക്ഷ ലഭിക്കാവുന്നതാണ്. രജിസ്ട്രേഷൻ നേടാൻ വൈകുന്ന ഓരോ മുപ്പത് ദിവസവും പ്രത്യേക കുറ്റമായി കണക്കാക്കുന്നതാണ്. രജിസ്ട്രേഷൻ അപേക്ഷകൾ യഥാസമയം തീർപ്പാക്കാത്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടിക്കും നിയമം വ്യവസ്ഥ ചെയ്യുന്നുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 1968 ലെ OCB Act പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ വീണ്ടും JJ Act പ്രകാരം രജിസ്റ്റർ ചെയ്യേണ്ടതില്ലെന്ന് നിർദ്ദേശിച്ചുകൊണ്ട് പുറപ്പെടുവിച്ച പരാമർശം (2) ഉത്തരവ് റദ്ദ് ചെയ്തു കൊണ്ടും കുട്ടികളെ സംരക്ഷിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും JJ Act പ്രകാരം രജിസ്റ്റർ ചെയ്യണം

എന്ന് നിഷ്കർഷിച്ചുകൊണ്ടും രജിസ്ട്രേഷനുവേണ്ടി ചുവടെ പറയും പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടിവിച്ചുകൊണ്ടും ഉത്തരവാകുന്നു.

(i) നിലവിലുള്ള എല്ലാ Child Care Institutions ഉം മാർച്ച് 31 ന് മുമ്പ് ബന്ധപ്പെട്ട DCPO മുമ്പാകെ എല്ലാ രേഖകളും ഉൾപ്പെടുത്തിയ വിശദമായ അപേക്ഷ നൽകിയിരിക്കേണ്ടതാണ്. DCPO അപേക്ഷ കൈപ്പറ്റിയതിന്റെ തീയതി രേഖപ്പെടുത്തിയ രസീത് അപേക്ഷകർക്ക് നൽകേണ്ടതാണ്.

(ii) DCPO മാർ സ്ഥാപനങ്ങൾ സന്ദർശിച്ച് അപേക്ഷയിലെ വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തി വ്യക്തമായ ശുപാർശയോടെ മെയ് 15-ാം തീയതിയോ അതിനു മുമ്പായോ സാമൂഹ്യനീതി ഡയറക്ടർ മുഖാന്തിരം സർക്കാരിന് സമർപ്പിച്ചിരിക്കേണ്ടതാണ്.

(iii) ബന്ധപ്പെട്ട അപേക്ഷകൾ പരിശോധിച്ച് സർക്കാർ തലത്തിൽ ജൂൺ 15 നോ അതിനു മുമ്പോ രജിസ്ട്രേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ന്യൂനതകൾ പരിഹരിക്കേണ്ടവ അടിയന്തിര പ്രാധാന്യത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**എ.ഷാജഹാൻ**

**സെക്രട്ടറി**

പകർപ്പ് :- ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
സെക്രട്ടറി, ബാലാവകാശ കമ്മീഷൻ, ശ്രീഗണേശ്, റ്റി.സി നം. 14/2036, വാൻറോസ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി പി. ഒ, തിരുവനന്തപുരം - 695034.
മെമ്പർ സെക്രട്ടി, ഓർഫനേജ് കണ്ട്രോൾ ബോർഡ്, വികാസ് ഭവൻ, തിരുവനന്തപുരം.
എല്ലാ ഡി.സി.പി.ഒ മാർക്കും (സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
വെബ്& ന്യൂ മീഡിയ, ഐ&പിആർഡി (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ